LIBRARY ARCHIVES Kerala Legislative Assembly

ജലനിധി രണ്ടാം ഘട്ടം

208(5655) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ജലനിധി രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അവലോകനം ചെയ്തിട്ടുണ്ട്. കൽപ്പറ്റ നിയോജകമണ്ഡലത്തിലെ കോട്ടത്തറ, പൊഴുതന, കണിയാമ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് ജലനിധി രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. ഇതിൽ കോട്ടത്തറ, പൊഴുതന എന്നീ ഗ്രാമപഞ്ചായത്തുകളിലെ പ്രവൃത്തികൾ പൂർത്തീകരിച്ച് യഥാക്രമം 15-7-2021, 7-5-2021 എന്നീ തീയതികളിൽ ഗ്രാമപഞ്ചായത്തുതലത്തിൽ വിട്ടുതൽ ചെയ്തിട്ടുണ്ട്. കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ പദ്ധതി പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചു. ഗ്രാമപഞ്ചായത്തുതല വിട്ടുതൽ നടപടി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഇതുവരെ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

1. കോട്ടത്തറ ഗ്രാമപഞ്ചായത്ത്-7,97,81,961 രൂപ

2. പൊഴുതന ഗ്രാമപഞ്ചായത്ത്-4,30,33,073 രൂപ

3. കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്-5,37,27,533 രൂപ

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പദ്ധതികളെല്ലാംതന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ്.

ജൽജീവൻ മിഷൻ

209(5656) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ മുഖേന എത്ര കുടിവെള്ള കണക്ഷനുകളാണ് കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നല്കാനുദ്ദേശിക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

&